പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1148

02-05-2017 ൽ മറുപടിക്ക്

## കേരഫെഡ് വെളിച്ചെണ്ണ വില്പന വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ.യു.ആർ. പ്രദീപ്

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കേരഫെഡ് സംസ്ഥാനത്ത് ഒരു വർഷം എത്ര കിലോ വെളിച്ചെണ്ണ വിൽപ്പന നടത്തുന്നുണ്ട്; | (എ) 2016-17 സാമ്പത്തിക വർഷത്തിൽ 1,37,12,000 കിലോഗ്രാം വെളിച്ചെണ്ണ വില്പന നടത്തിയിട്ടുണ്ട്. |
| ബി) ഇതിനായി എത്ര ഏജൻസികളും, ഡിസ്ട്രിബ്യൂട്ടർമാരും പ്രവർത്തിക്കുന്നുണ്ട്; അവരുടെ പ്രവർത്തന മേഖല വ്യക്തമാക്കാമോ; | (ബി) ഉത്തരമേഖലയിൽ 6 ജില്ലകളിലായി കേരഫെഡിന് നിലവിൽ രണ്ട് സൂപ്പർ സ്റ്റോക്കിസ്റ്റുമാരും അവരുടെ കീഴിലായി 29 വിതരണക്കാരും ഉണ്ട്. ബാക്കി ജില്ലകളിലും, മുംബൈ, ചെന്നൈ, ബാംഗ്ളൂർ എന്നിവിടങ്ങളിലുമായി 87 വിതരണക്കാരടക്കം ആകെ 116 വിതരണക്കാരുണ്ട്. കൂടാതെ വിവിധ സർക്കാർ ഏജൻസികൾ മുഖേനയും വിൽപ്പന നടത്തുന്നു. വിതരണക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 25<br>കൊല്ലം - 20<br>ആലപ്പുഴ - 8<br>കോട്ടയം - 10<br>പത്തനംതിട്ട - 6<br>എറണാകുളം - 8<br>തൃശ്ശൂർ - 7<br>പാലക്കാട് - 5<br>മലപ്പുറം - 9<br>കോഴിക്കോട് - 6<br>കണ്ണൂർ - 5<br>കാസർഗോഡ് - 2<br>വയനാട് - 2<br>മുംബൈ - 1<br>ബാംഗ്ളൂർ - 1<br>ചെന്നൈ - 1 |
| (സി) റീട്ടെയിൽ വ്യാപാരികൾക്കും ഹോൾ സെയിൽ വ്യാപാരികൾക്കും കിലോയ്ക്ക് എത്ര രൂപ കമ്മീഷൻ നൽകുന്നുണ്ട്; | (സി) റീട്ടയിൽ വ്യാപാരികൾക്ക് ലിറ്ററിന് 9.5% വും ഹോൾസെയിൽ വ്യാപാരികൾക്ക് ലിറ്ററിന് 5.73% വും കമ്മീഷൻ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) കേരഫെഡിന്റെ ഡിസ്ട്രിബ്യൂട്ടർ ഏജൻസി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ: | (ഡി) | Fast Moving Commodity Goods (FMCG) ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുള്ള പരിചയവും, ഗോഡൗൺ സൗകര്യവും, വേണ്ടത്ര സെയിൽസ് സ്റ്റാഫും, വാഹനവും ഉള്ളവർക്കാണ് വിതരണാവകാശം നൽകുന്നത്. ഇതോടൊപ്പം 10,000/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായും അടയ്ക്കണം. |
| ഇ) നിലവിൽ സംസ്ഥാന മാർക്കറ്റിൽ കേരഫെഡിന്റെ വെളിച്ചെണ്ണയ്ക്ക് വിൽപന വിഹിതം എത്ര ശതമാനമാണ് ; | (ഇ) | കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ കണക്കനുസരിച്ച് നിലവിൽ സംസ്ഥാന മാർക്കറ്റിൽ കേരഫെഡിന്റെ വെളിച്ചെണ്ണയുടെ വിൽപന വിഹിതം 15% ആണ്. |
| എഫ്) കേരഫെഡിന്റെ വിൽപന വിഹിതം വർദ്ധിപ്പിയ്ക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | സർക്കാർ ഏജൻസികൾ വഴിയുള്ള വിപണനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ മുൻകൈ എടുത്ത് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർക്കുകയും സർക്കാർ ഏജൻസികൾ കേര വെളിച്ചെണ്ണ കൂടുതൽ അളവിൽ വിൽപ്പനയ്ക്ക് എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികൾ വഴിയുള്ള വിൽപന വിഹിതം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിതരണക്കാർ വഴിയുള്ള വിൽപ്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മേഖല തലത്തിൽ യോഗങ്ങൾ നടത്തി വിൽപന വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഗൾഫ് മേഖലകളിലെയും, മലയാളികൾ താമസിക്കുന്ന മറ്റു വിദേശ രാജ്യങ്ങളിലെയും സൂപ്പർമാർക്കറ്റ് സംരംഭകരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശുദ്ധമായ വെളിച്ചെണ്ണ വിദേശ രാജ്യങ്ങളിലയയ്ക്കുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ